പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം
നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 454
04.07.2012 ലെ മറുപടിയ്ക്ക്

## പങ്കാളിത്ത പെൻഷൻ പദ്ധതി

ചോദ്യം.
ശ്രീ. എളമരം കരീം
ശ്രീ. വി.ശിവൻകുട്ടി
ശ്രീ. രാജു എബ്രഹാം
ശ്രീ. കെ.സുരേഷ് കുറുപ്പ്

ഉത്തരം
ശ്രീ. ഉമ്മൻ ചാണ്ടി
ബഹു.മുഖ്യമന്ത്രി

| | | |
|---|---|---|
| (എ) | പങ്കാളിത്ത പെൻഷൻ പദ്ധതി സംബന്ധിച്ച് കേന്ദ്ര സർക്കാർ സംസ്ഥാനത്തിന് നൽകിയ നിർദ്ദേശങ്ങൾ എന്തെല്ലാം; ഇവ പരിശോധിച്ചിട്ടുണ്ടോ ; | ഇന്ത്യയിൽ ന്യൂ പെൻഷൻ സിസ്റ്റം നടപ്പിലാക്കാത്ത മൂന്നു സംസ്ഥാനങ്ങളിൽ ഒരെണ്ണം കേരളമാണെന്നും RBI യുടെ റിപ്പോർട്ടനുസരിച്ച് കേരളത്തിന്റെ പെൻഷൻ ബാദ്ധ്യത 2001-02 സാമ്പത്തിക വർഷത്തെ അപേക്ഷിച്ച് 2010-11 ൽ മൂന്നു മടങ്ങ് വർദ്ധിച്ചിരിക്കുന്ന സാഹചര്യത്തിൽ ന്യൂ പെൻഷൻ സിസ്റ്റം ഒരു പങ്കാളിത്ത സംരംഭമായതിനാൽ പെൻഷൻ ബാദ്ധ്യത കുറച്ച് സംസ്ഥാനത്തിന്റെ വിവിധ വികസന |

| | | |
|---|---|---|
| | | പ്രവർത്തനങ്ങളിലേയ്ക്ക് ഫണ്ട് വിനിയോഗിക്കാനും അതിൻ പ്രകാരം വളർച്ചാ നിരക്ക് വർദ്ധിപ്പിക്കാനും സാധിക്കുമെന്നും ആയതിനാൽ ന്യൂ പെൻഷൻ സിസ്റ്റം സംസ്ഥാനത്തും നടപ്പിലാക്കണമെന്നും കേന്ദ്ര സർക്കാർ ശുപാർശ ചെയ്തിരിക്കുന്നു.<br>ശുപാർശ പരിശോധിച്ചു വരുന്നു |
| (ബി) | പങ്കാളിത്ത പെൻഷൻ പദ്ധതിയിൽ നിന്നും പുറകോട്ടു പോകാൻ കേന്ദ്ര സർക്കാരിൽ സമ്മർദ്ദം ചെലുത്തുമോ; എങ്കിൽ അന്തിമ തീരുമാനം എടുക്കുന്നതിന് മുമ്പായി കേന്ദ്ര സർക്കാരിനെ ഇത് അറിയിക്കുമോ; | സർക്കാർ ഈ വിഷയത്തിൽ നയപരമായ തീരുമാനം കൈക്കൊണ്ടിട്ടില്ല. |
| (സി) | 2004 ഏപ്രിൽ മാസത്തിനു ശേഷം സംസ്ഥാനത്ത് സർവ്വീസിൽ കയറിയവരെത്ര; പങ്കാളിത്ത പെൻഷൻ പദ്ധതി നടപ്പിലാക്കിയാൽ സർവ്വീസിൽ നിന്നും പെൻഷൻ പറ്റുന്നവർക്ക് ഇപ്പോൾ | 2004 ഏപ്രിൽ മാസത്തിനു ശേഷം ഏകദേശം 1,84,446 ജീവനക്കാർ സംസ്ഥാനത്ത് സർവ്വീസിൽ കയറിയിട്ടുണ്ട്. |

| | | |
|---|---|---|
| | ലഭിക്കുന്ന ഗ്രാറ്റുവിറ്റി , സ്റ്റാറ്റ്യൂട്ടറി പെൻഷൻ, പി.എഫ് തുടങ്ങിയവ ലഭിക്കുമോ ; | പങ്കാളിത്ത പെൻഷൻ പദ്ധതി നടപ്പിലാക്കിയിട്ടില്ലാത്തതിനാൽ ചോദ്യം പ്രസക്തമല്ല. |
| (ഡി) | നിക്ഷേപ കമ്പനികൾ തകർന്നുപോയാലും പങ്കാളിത്ത പെൻഷൻ പദ്ധതിയിൻകീഴിൽ പെൻഷൻ ആനുകൂല്യങ്ങൾ ലഭിക്കുമെന്ന് ഉറപ്പ് നൽകുമോ? | ഈ ചോദ്യം പ്രസക്തമല്ല. |

Vijayamull

സെക്ഷൻ ഓഫീസർ